പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1599 **01-07-2026-ൽ മറുപടിയ്ക്ക്**

ഭക്ഷ്യ പരിശോധനകൾക്കായി നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. കെ. അക്ബർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ പരിശോധനകൾക്കായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മറുപടി: ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ എല്ലാത്തര ഭക്ഷ്യ ഉൽപാദന, സംഭരണ, വിതരണ മേഖലകളിൽ ഉള്ള ഭക്ഷ്യസംരംഭങ്ങൾ പ്രവർത്തിക്കുവാൻ പാടുള്ളൂ. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇത്തരം കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എല്ലാ ഭക്ഷ്യ സംരംഭങ്ങളിലും പരിശോധനകൾ നടത്തുന്നുണ്ട്. ദൈനംദിന പരിശോധനകൾ, പരാതി അടിസ്ഥാനമാക്കിയുള്ള പരിശോധന, പ്രത്യേക Enforcement drive-ന്റെ ഭാഗമായുള്ള പരിശോധന എന്നിവയാണ് ഭക്ഷ്യ സംരംഭങ്ങളിൽ സുരക്ഷ ഉറപ്പുവരുത്തുവാനും വീഴ്ചകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുവാനും ഭക്ഷ്യ സുരക്ഷാ വകുപ്പ് ചെയ്തുവരുന്നത്. വിപണിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാതരം ഭക്ഷ്യയിനങ്ങളുടേയും സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി ശേഖരിച്ചു ലാബിൽ അയക്കുന്നു. ലാബോറട്ടറി പരിശോധന ഫലം തൃപ്തികരമല്ലാത്ത വേളകളിൽ Food Safety and Standards Act 2006 പ്രകാരമുള്ള Adjudication/Prosecution നടപടികൾ സ്വീകരിക്കാറുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ സംശയം ഉണ്ടാകുന്ന സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ആയത് Seize ചെയ്തു seizure നടപടിക്രമങ്ങൾ സ്വീകരിക്കാറുണ്ട്. "Unsafe" എന്ന് ലാബ് റിപ്പോർട്ട് ലഭിക്കുന്ന അവസരങ്ങളിൽ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾക്ക് മുൻപ് Prohibition, Recall എന്നിവ നടപ്പിലാക്കി അത്തരം ഭക്ഷ്യവസ്തുക്കൾ തുടർന്നും വിപണിയിൽ വിൽപ്പന ചെയ്യാതിരിക്കുവാനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു. കൃത്യമായ ശുചിത്വമാനദണ്ഡങ്ങൾ, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് നിയമപ്രകാരമുള്ള Improvement notice നൽകുകയും, പിഴ ചുമത്തുന്നതിനുള്ള Compounding Action എന്നിവയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ